കൊച്ചുവേളി മംഗളൂരു സ്പെഷ്യൽ ട്രെയിൻ റദ്ദാക്കി

തൃശൂർ :കൊച്ചുവേളി മംഗളൂരു സ്പെഷ്യൽ ട്രെയിൻ റദ്ദാക്കി റെയിൽവേ. കൊച്ചുവേളിയിലേക്കുള്ള സർവീസ് 26, 28 തീയതികളിലും മംഗളൂരുവിലേക്കുള്ള സർവീസ് 27, 29 തീയതികളിലുമാണ് റദ്ദാക്കിയത്. ക്രിസ്മസ്, പുതുവത്സര സമയത്തുള്ള റെയിൽവേയുടെ നടപടി യാത്രക്കാർക്ക് തിരിച്ചടിയായിരിക്കുകയാണ്. മംഗളൂരുവിൽനിന്ന് വ്യാഴം, ശനി ദിവസങ്ങളിലും കൊച്ചുവേളിയിൽനിന്നു വെള്ളി, ഞായർ ദിവസങ്ങളിലുമാണ് ട്രെയിൻ സർവീസ് നടത്തിയിരുന്നത്. വൈകിട്ട് 5.30ന് മാവേലിയും 6.15ന് മലബാറും പോയി കഴിഞ്ഞാൽ മംഗളൂരുവിൽ നിന്നു കേരളത്തിലേക്കു ട്രെയിനില്ലെന്ന പ്രശ്നത്തിന് പരിഹാരമായിരുന്നു രാത്രി 7.30ന് പുറപ്പെട്ടിരുന്ന സ്പെഷ്യൽ ട്രെയിൻ. ജനപ്രിയമായതോടെ പ്രതിദിന സർവീസാക്കണമെന്ന് ആവശ്യം ഉയരുന്നതിനിടെയാണ് നടപടി

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 59 ലക്കം: 219 2024 ഡിസംബർ 20 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

രാസവസ്തു കയറ്റിവന്ന ട്രക്ക് മറ്റ് വാഹനങ്ങളുമായി കൂട്ടിയിടിച്ച് വൻ തീപ്പിടിത്തം

അഞ്ച് പേർ മരിച്ചു

ജയ്പൂർ: ട്രക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് തീപടർന്നു, പിന്നാലെ നാൽപതോളം വാഹനങ്ങളും കത്തി, അഞ്ച് മരണം ജയ്പൂരിൽ രാസവസ്തു കയറ്റിവന്ന ട്രക്ക് മറ്റ് വാഹനങ്ങളുമായി കൂട്ടിയിടിച്ച് വൻ തീപ്പിടിത്തം.

അപകടത്തിൽ അഞ്ച് പേർ മരിക്കുകയും ഇരുപതിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. നാൽപതോളം വാഹനങ്ങൾക്ക് തീപിടിച്ചതായാണ് വിവരം. ജയ്പൂർ- അജ്മീർ ഹൈവേയിലെ പെട്രോൾ പമ്പിനുമുന്നിൽ ഇന്ന് രാവിലെ 5.30 ഓടെയായിരുന്നു സംഭവം.

രാസവസ്തു കയറ്റിവന്ന ട്രക്ക് മറ്റൊരു ട്രക്കുമായി ആദ്യം കൂട്ടിയിടിച്ച് തീപ്പിടിക്കുകയായിരുന്നു. പിന്നാലെവന്ന മറ്റു വാഹനങ്ങൾ ഒന്നിനുപിറകെ ഒന്നായി കൂട്ടിയിടിക്കുകയും തീപ്പിടിക്കുകയും ചെയ്തു. 20 അഗ്നിരക്ഷാ യൂണിറ്റുകളെത്തിയാണ് തീ നിയന്ത്രണവിധേയമാക്കിയത്.

അപകടത്തെ തുടർന്ന് ദേശീയപാതയിൽ മണിക്കൂറുകളോളം ഗതാഗതം സംതംഭിച്ചു. പരിക്കേറ്റവരെ ജയ്പുരിലെ സവായ് മാൻ സിങ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരിൽ പലരുടെയും നില ഗുരുതരമാണെന്നാണ് വിവരം.

പ്രതിപക്ഷ പ്രതിഷേധത്തിൽ പ്രക്ഷുബ്ധമായി പാർലമെന്റ്; സഭ പിരിഞ്ഞു

ന്യൂഡൽഹി: ശീതകാല സമ്മേളനത്തിന്റെ അവസാന ദിനം പ്രതിപക്ഷ പ്രതിഷേധത്തിൽ പ്രക്ഷുബ്ധമായി പാർലമെന്റ്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അംബേദ്കർ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭക്കുള്ളിൽ പ്രതിഷേധം മുഴക്കിയതോടെ സഭ പിരിഞ്ഞു. വന്ദേമാതരം കഴിഞ്ഞതും പ്രതിപക്ഷം മുദ്രാവാക്യം മുഴക്കുകയായിരുന്നു.

അമിത് ഷായുടെ അംബേദ്കർ പരാമർശത്തിനെതിരെ പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് എംപിമാർ വീണ്ടും പാർലമെന്റ് സമുച്ചയത്തിലും പ്രതിഷേധമുയർത്തി. പാർലമെന്റ് കവാടങ്ങളിൽ പ്രതിഷേധങ്ങൾക്ക് സ്പീക്കർ വിലക്കേർപ്പെടുത്തിയിട്ടും ഇത് അവഗണിച്ചായിരുന്നു പ്രതിപക്ഷ പ്രതിഷേധം. പ്രവേശനകവാടങ്ങളിൽ തടസ്സമുണ്ടാക്കുകയോ പ്രതിഷേധ പരിപാടികൾ നടത്തുകയോ ചെയ്യരുതെന്ന് സ്പീക്കർ എം.പിമാർക്ക് നിർദേശം നൽകിയിരുന്നു.

ഐ ആം അംബേദ്കർ പ്ലക്കാർഡുകൾ ഉയർത്തിയായിരുന്നു പ്രതിഷേധം. വിജയ് ചൗക്കിൽ നിന്ന് പ്രതിഷേധ മാർച്ചുമായാണ് പ്രതിപക്ഷ എംപിമാർ പാർലമെന്റിലേക്കെത്തിയത്. അമിത് ഷാ രാജിവെക്കണമെന്നും അംബേദ്കർ പരാമർശത്തിൽ മാപ്പ് പറയണമെന്നുമായിരുന്നു പ്രതിപക്ഷ ആവശ്യം.

സംഘർഷങ്ങൾക്കിടെ പരിക്കേറ്റ് രണ്ട് ബി.ജെ.പി. എം.പിമാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. രാഹുൽ ഗാന്ധി തള്ളിയതാണെന്നാണ് ബി.ജെ.പിയുടെ ആരോപണം. ആക്രമണം, കൊലപാതകശ്രമം എന്നീ കുറ്റങ്ങൾ ആരോപിച്ച് രാഹുൽ ഗാന്ധിക്കെതിരെ ഡൽഹി പോലീസിൽ പരാതിയും നൽകിയിരുന്നു. മല്ലികാർജുൻ ഖാർഗെയെ ബിജെപി എംപിമാർ ആക്രമിച്ചെന്ന് ചൂണ്ടികാട്ടി കോൺഗ്രസും പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

ബിആർ അംബേദ്കറുടെ പേര് ഉപയോഗിക്കുന്നത് ഇപ്പോൾ ഫാഷനായി മാറിയെന്ന് അമിത് ഷായുടെ രാജ്യസഭ പരാമർശമാണ് പ്രതിഷേധത്തിന് വഴി തുറന്നത്. 'അംബേദ്കർ, അംബേദ്കർ, അംബേദ്കർ, അംബേദ്കർ, അംബേദ്കർ, അംബേദ്കർ' എന്ന് പറയുന്നത് ഒരു ഫാഷനായി മാറിയിരിക്കുന്നു. പകരം ദൈവത്തിന്റെ നാമം ഉപയോഗിച്ചിരുന്നെങ്കിൽ സ്വർഗത്തിൽ സ്ഥാനം ലഭിക്കുമായിരുന്നുവെന്നും ഷാ പറഞ്ഞിരുന്നു.

പ്രതിപക്ഷം വസ്തുതകൾ വളച്ചൊടിച്ചെന്നും വീഡിയോകളുടെ ചിലഭാഗങ്ങൾ മാത്രം ഉപയോഗിച്ചെന്നും അമിത്ഷാ ആരോപിച്ചു. കോൺഗ്രസും തൃണമൂലും അമിത് ഷാക്കെതിരെ പ്രമേയം അവതരിപ്പിക്കുകയും രാജി ആവശ്യപ്പെടുകയും ചെയ്തു. അംബേദ്കർ വിവാദത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് ബിജെപി അക്രമം നടത്തുന്നതെന്നും കോൺഗ്രസ് ആരോപിച്ചു.

ഹരിയാന മുൻ മുഖ്യമന്ത്രി ഓം പ്രകാശ് ചൗട്ടാല അന്തരിച്ചു

ഹരിയാന മുൻ മുഖ്യമന്ത്രിയും ഐഎൻഎൽഡി നേതാവുമായ ഓം പ്രകാശ് ചൗട്ടാല(89) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഗുരുഗ്രാമിലെ വസതിയിലായിരുന്നു അന്ത്യം. ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. നാല് വട്ടം ഹരിയാന മുഖ്യമന്ത്രിയായിരുന്നു. ഇന്ത്യയുടെ ആറാം ഉപ പ്രധാനമന്ത്രിയായിരുന്ന ചൗധരി ദേവിലാലിന്റെ മകനായി 1935ലാണ് ഓം പ്രകാശ് ചൗട്ടാല ജനിച്ചത്. അധ്യാപക നിയമനത്തിലെ ക്രമക്കേടിനെ തുടർന്ന് ശിക്ഷിക്കപ്പെട്ട ചൗട്ടാല ഒൻപതര വർഷത്തോളം തിഹാർ ജയിലിൽ കഴിഞ്ഞിട്ടുണ്ട്.

തോമസ് കെ തോമസിനെ മന്ത്രിയാക്കുന്നതിൽ മുഖ്യമന്ത്രിക്ക് അഭിപ്രായവ്യത്യാസം: എ കെ ശശീന്ദ്രൻ

കോഴിക്കോട്: എൻ.സി.പി സംസ്ഥാന നേതൃത്വത്തിനെതിരേ മന്ത്രി എ.കെ.ശശീന്ദ്രൻ. മന്ത്രിസഭയിലെ മെക്കാനിസത്തിൽ മുഖ്യമന്ത്രിക്ക് റോൾ ഉണ്ട്. അക്കാര്യം സംസ്ഥാന നേതൃത്വം വേണ്ടത്ര മനസ്സിലാക്കിയില്ല. തന്നെ പ്രത്യേകമായി സംരക്ഷിക്കണമെന്ന നിർബന്ധം മുഖ്യമന്ത്രിക്കില്ല. അത്തരം പ്രചാരണങ്ങൾ തെറ്റാണ്. തോമസ് കെ തോമസിനെ മന്ത്രിയാക്കുന്നതിൽ മുഖ്യമന്ത്രിക്ക് ചില അഭിപ്രായവ്യത്യാസങ്ങളുണ്ട്. അങ്ങനെ ഒരാളെ മന്ത്രിസഭയിൽ അടിച്ചേൽപ്പിക്കാൻ സാധിക്കില്ലെന്നും എ.കെ.ശശീന്ദ്രൻ പറഞ്ഞു.

മുഖ്യമന്ത്രി അതൃപ്തി എൻ.സി.പി കേന്ദ്രനേതൃത്വത്തോട് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രിസഭ അംഗത്തെ തീരുമാനിക്കുന്നതിൽ മുഖ്യമന്ത്രിക്ക് റിസർവേഷൻ ഉണ്ട്. മുഖ്യമന്ത്രിയെ ഒഴിച്ചു നിർത്തിയുള്ള തീരുമാനമല്ല വേണ്ടത്. ദേശീയ നേതൃത്വത്തിന് വിട്ട കാര്യമാണ് സംസ്ഥാന അധ്യക്ഷൻ യോഗം വിളിച്ചു ചർച്ച ചെയ്തത്. അത് ഒഴിവാക്കേണ്ട കാര്യമായിരുന്നുവെന്നും ശശീന്ദ്രൻ കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

എൻ.സി.പിയിലെ മന്ത്രിമാറ്റം സംബന്ധിച്ചുള്ള ചർച്ചകൾ പുരോഗമിക്കുന്നതിനിടെ, എ.കെ. ശശീന്ദ്രൻ മന്ത്രിസ്ഥാനത്ത് തുടരട്ടെയെന്ന് സിപിഎം തീരുമാനിച്ചിരുന്നു. ഇപ്പോൾ ശശീന്ദ്രനെ മാറ്റിയാൽ, അദ്ദേഹം മുൻപ് ഉന്നയിച്ചതുപോലെ എംഎൽഎ സ്ഥാനം ഉൾപ്പടെ രാജിവെക്കുന്നതിലേക്ക് കാര്യങ്ങളെത്തിയേക്കാമെന്നും അത് മുന്നണിയേയും സർക്കാരിനേയും ബാധിക്കുമെന്നുമുള്ള വിലയിരുത്തലിലാണ് സിപിഎം എത്തിയത്.

വിട്ടുവീഴ്ചയ്ക്ക് തയ്യാർ; ട്രംപുമായി ഏതുസമയത്തും ചർച്ചക്ക് സന്നദ്ധനെന്ന് പുതിൻ



മോസ്കോ: നിയുക്ത യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ഏതുസമയത്തും ചർച്ചനടത്താൻ തയ്യാറാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുതിൻ. ട്രംപുമായുള്ള ചർച്ചയിൽ യുക്രൈൻ യുദ്ധത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാണ്. ചർച്ചകൾക്ക് മുൻവ്യവസ്ഥകളൊന്നുമില്ലെന്നും എന്നാൽ ഏത് കരാറിലും നിയമാനുസൃതമായി യുക്രൈൻ ഭരണകൂടവും ഉൾപ്പെടുമെന്നും പുതിൻ പറഞ്ഞു. ജനുവരിയിൽ ട്രംപ് അധികാരമേൽക്കാനിരിക്കെയാണ് വാർഷിക വാർത്താസമ്മേളനത്തിൽ പുതിന്റെ പ്രസ്താവന.

വർഷങ്ങളായി താൻ ട്രംപുമായി സംസാരിച്ചിട്ടില്ലെന്നും എന്നാൽ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അദ്ദേഹവുമായി കൂടിക്കാഴ്ചയ്ക്ക് തയ്യാറാണെന്നു മാധ്യമങ്ങളുടെ ചോദ്യത്തിന് മറുപടിയായി പുതിൻ പറഞ്ഞു. യുക്രൈൻ പ്രസിഡന്റ് വൊളോദിമർ സെലൻസ്കി ഉൾപ്പെടെ ആരുമായും ചർച്ചയ്ക്ക് റഷ്യ തയ്യാറാണെന്ന് പുടിൻ പറഞ്ഞതായി വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

യുക്രൈനിലെ യുദ്ധമേഖലകളിൽ റഷ്യക്കാണ് മേൽക്കൈയെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, ഓഗസ്റ്റിൽ യുക്രൈൻസൈന്യം പ്രത്യാക്രമണം തുടങ്ങിയ പടിഞ്ഞാറൽ കുർസ്ക് മേഖല റഷ്യ എന്നു തിരിച്ചുപിടിക്കുമെന്ന് അറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ട്രംപുമായി എന്നെങ്കിലും കൂടിക്കാഴ്ച നടന്നാൽ ഒത്തിരിക്കാര്യങ്ങൾ പറയാനുണ്ടെന്ന് പുതിൻ പറഞ്ഞു. ചർച്ചകൾക്കും വിട്ടുവീഴ്ചയ്ക്കും റഷ്യ തയ്യാറാണെന്നും നാലരമണിക്കൂറോളം നീണ്ട വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

11 വർഷത്തിന് ശേഷം വിധി; ഷെഫീഖ് വധശ്രമക്കേസ്, അച്ഛനും രണ്ടാനമ്മയും കുറ്റക്കാർ

തൊടുപുഴ: നാലര വയസ്സുകാരൻ ഷെഫീഖിനെ വധിക്കാൻ ശ്രമിച്ചെന്ന കേസിൽ അച്ഛനും രണ്ടാനമ്മയും കുറ്റക്കാരെന്ന് വിധിച്ച് മുട്ടം ഒന്നാം അഡീഷണൽ ജില്ലാ കോടതി. അച്ഛൻ ഷെരീഫും രണ്ടാനമ്മ അനീഷയുമാണ് പ്രതികൾ. സംഭവം നടന്ന് 11 വർഷത്തിന് ശേഷമാണ് കേസിൽ പ്രതികൾ കുറ്റക്കാരെന്ന് കണ്ടെത്തി കോടതി വിധി വരുന്നത്.

മെഡിക്കൽ തെളിവുകളും സാഹചര്യ തെളിവുകളും അടിസ്ഥാനമാക്കിയായിരുന്നു പ്രോസിക്യൂഷൻ വാദം. ജുവനൈൽ ജസ്റ്റിസ് ആക്ട്, വധശ്രമം ഉൾപ്പെടെ പ്രതികൾക്കെതിരെ ചുമത്തിയിരുന്നു. ഇതെല്ലാം അം?ഗീകരിച്ചാണ് കോടതി പ്രതികൾ കുറ്റക്കാരെന്ന് കണ്ടെത്തിയിരിക്കുന്നത്. ഉടൻതന്നെ കേസിൽ കോടതി വിധി പറയും.

2013 ജൂലായിലാണ് നാലര വയസ്സുകാരൻ ഷെഫീഖ്, അച്ഛൻ കുമളി ഒന്നാംമൈൽ പുത്തൻപുരയ്ക്കൽ ഷെരീഫിന്റെയും രണ്ടാനമ്മ അനീഷയുടെയും ക്രൂരമർദനത്തിന് ഇരയായത്. മർദനത്തിൽ കുട്ടിയുടെ തലയ്ക്ക് ഗുരുതര ക്ഷതമേറ്റിരുന്നു. ഇതോടെ താൻ ആരാണെന്നുപോലും തിരിച്ചറിയാനാകാതെയാണ് കുട്ടിയുടെ ഇപ്പോഴത്തെ ജീവിതം. മുമ്പും ഇരുവരും കുട്ടിയെ ഉപദ്രവിക്കുമായിരുന്നുവെന്ന് രണ്ടാം പ്രതിയുടെ അമ്മ മൊഴി നൽകിയിട്ടുണ്ട്.

കേസിൽ മെഡിക്കൽ തെളിവാണ് ഏറ്റവും നിർണായകമായത്. കുട്ടിക്ക് അപസ്മാരം ഉണ്ടെന്നും കട്ടിലിൽനിന്ന് തനിയെ വീണാണ് പരിക്കുകളുണ്ടായതെന്നും ദേഹത്തെ പൊള്ളലുകൾ സ്വയം ഉണ്ടാക്കിയതാണെന്നുമുള്ള വാദങ്ങൾ പ്രതിഭാഗം ഉന്നയിച്ചിരുന്നു. എന്നാൽ, അവസാനമായി ഷെഫീഖിനെ ചികിത്സിച്ച ഡോക്ടറുടെ റിപ്പോർട്ട് ഇതിനെല്ലാം വിരുദ്ധമാണ്. കുട്ടിക്ക് കൈ എത്താത്തയിടങ്ങളിൽപ്പോലും പൊള്ളലുണ്ടെന്നാണ് വിവരം.

സ്വർണ്ണവില താഴോട്ട്

തിരു: സംസ്ഥാനത്ത് തുടർച്ചയായ മൂന്നാംദിവസം സ്വർണ്ണവില കുറഞ്ഞു. 3 ദിവസത്തിനുള്ളിൽ 880 രൂപയാണ് കുറഞ്ഞത്. ഇന്ന് മാത്രം 240 രൂപ കുറഞ്ഞു. ഒരു പവൻ സ്വർണ്ണത്തിന്റെ ഇന്നത്തെ വിപണി വില 56,320 രൂപയാണ്.

വനിതാ മന്ത്രിയെ അധിക്ഷേപിച്ച കേസ്: ബിജെപി നേതാവ് സി.ടി. രവി അറസ്റ്റിൽ

ബെംഗളൂരു: കർണാടക നിയമനിർമാണ കൗൺസിലിൽവെച്ച് വനിതാ മന്ത്രിയെ അധിക്ഷേപിച്ചെന്ന കേസിൽ ബിജെപി മുൻ ദേശീയ ജനറൽ സെക്രട്ടറിയും എം.എൽ. സിയുമായ സി.ടി. രവി അറസ്റ്റിൽ. ചർച്ചക്കിടെ മോശം വാക്കുകൾ ഉപയോഗിച്ച് തന്നെ അപമാനിച്ചെന്ന, വനിതാ ശിശുക്ഷേമ മന്ത്രി ലക്ഷ്മി ഹെബ്ബാൾക്കറുടെ പരാതിയിലാണ് നടപടി.

ബെലഗാവിലെ സുവർണ വിധാൻ സൗധയിൽനിന്ന് വ്യാഴാഴ്ച വൈകീട്ടോടെ കസ്റ്റഡിയിലെടുത്ത രവിയെ ഇന്ന് പുലർച്ചെ ഒരുമണിയോടെ ഘാനാപുർ പോലീസ് സ്റ്റേഷനിലെത്തിച്ചു. ജനപ്രതിനിധികൾക്കായുള്ള ബെംഗളൂരുവിലെ പ്രത്യേക കോടതിയിൽ അദ്ദേഹത്തെ ഹാജരാക്കും. സ്ത്രീത്വത്തെ അപമാനിക്കൽ, ലൈം ഗിക അതിക്രമം തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് അറസ്റ്റ്.

ബി.ജെ.പി പ്രവർത്തകർക്കൊപ്പം പ്രതിഷേധിക്കുന്നതിനിടെ ആയിരുന്നു സി.ടി. രവിയെ പോലീസ് കസ്റ്റഡിയിലെടുത്തത്. രവിയെ കോൺഗ്രസ് പ്രവർത്തകർ ആക്രമിച്ചെന്ന് ആരോപിച്ച് ബിജെപി എംഎൽസിമാർ പിന്നീട് സുവർണ വിധാന സൗധയിൽ പ്രതിഷേധ പ്രകടനവും നടത്തി. രവിയെ മർദിച്ചെന്നും ഇത് കോൺ?ഗ്രസിന്റെ ഗുണ്ടാരീതിയാണെന്നും പ്രതിപക്ഷ നേതാവ് ആർ.അശോക ആരോപിച്ചു.

അതിനിടെ, സി.ടി. രവിയുടെ ജന്മനാടായ ചിക്കമംഗളൂരുവിലെ വസതിയിലേക്ക് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധ പ്രകടനം നടത്തി.

വീട്ടിലേക്ക് ഇരച്ചുകയറാൻ ശ്രമിച്ച പ്രതിഷേധക്കാരെ ബാരിക്കേഡുകൾ വെച്ചാണ് പോലീസ് തടഞ്ഞത്. ബെംഗളൂരുവിലും ബെലഗാവിലും പ്രതിഷേധങ്ങൾ നടന്നു. ആരോപണം സി.ടി രവി നിഷേധിച്ചെങ്കിലും വിഷയത്തിൽ ഹെബ്ബാൾക്കർ ലജിസ്ലേറ്റീവ് കൗൺസിൽ ചെയർമാന് പരാതി നൽകിയിട്ടുണ്ട്.

ഒടുവിൽ ആ 70കാരനെ നേരിട്ടുകണ്ട് യൂസഫലി, ചോദിച്ചത് ഒരേ ഒരു കാര്യം മാത്രം

ലുലുവിലെ ജോലിക്കായുള്ള അഭിമുഖം നടക്കുന്ന സ്ഥലത്ത് ഒരു 70കാരൻ ക്യൂ നിൽക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. പ്രവാസിയായിരുന്ന അദ്ദേഹം നാട്ടിലെത്തിയതിന് ശേഷവും ആരെയും ആശ്രയിക്കാത്തെ ഒരു ജോലി നേടണമെന്ന ആഗ്രഹത്താലാണ് അഭിമുഖത്തിനെത്തിയത്. വിജയകരമായി അഭിമുഖം പൂർത്തീകരിച്ച അദ്ദേഹത്തിന് ലുലു ഗ്രൂപ്പ് ജോലി നൽകുകയും ചെയ്തു. ഇപ്പോഴിതാ ആ 70കാരനുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എംഎ യൂസഫലി നേരിട്ടെത്തി സ്നേഹാന്വേഷണം നടത്തുന്ന വീഡിയോയാണ് സോഷ്യൽ മീഡിയയിൽ വൈറലാകുന്നത്.

ഇവിടെ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് ചോദിച്ചാണ് എംഎ യൂസഫലി 70കാരന്റെ അടുത്തേക്ക് എത്തുന്നത്. ഇവിടെ ഒരു പ്രയാസവുമില്ലെന്ന് അദ്ദേഹം മറുപടി പറയുകയും ചെയ്യുന്നുണ്ട്. 'നമ്മൾക്ക് ജോലി ചെയ്യാൻ സാധിക്കുന്നിടത്തോളം കാലം ജോലി ചെയ്യണം. നമുക്ക് ബാങ്ക് ബാലൻസ് ഉണ്ടെങ്കിൽ തന്നെ അതല്ല നോക്കേണ്ടത്. നമ്മുടെ ശരീരത്തിനും മനസിനെയും മുന്നോട്ടുകൊണ്ടു പോകണമെങ്കിൽ നമ്മൾ ജോലി ചെയ്യണം. ഒരു പക്ഷേ മക്കളടക്കമുള്ളവരിൽ നിന്ന് നിങ്ങൾക്ക് സഹായമുണ്ടാകും. പക്ഷേ, ഇതൊരു ആക്ടിവിറ്റിയാണ്'- യൂസഫലി അദ്ദേഹത്തോട് പറഞ്ഞു.

'ഒരിക്കൽ ഒരാൾ എന്നോട് ചോദിച്ചു. റിട്ടയർമെന്റ് എപ്പോഴാണെന്ന്, ഞാൻ മറുപടി പറഞ്ഞത് റിട്ടയർമെന്റ് ടു ഖബർ എന്നാണ്. അതല്ലേ അതിന്റെ ശരി. പിന്നെ എല്ലാം അവൻ നിശ്ചയിച്ചിട്ടുണ്ട്. നമ്മുടെ ആരോഗ്യം എത്രത്തോളമുണ്ടെന്ന്. നമ്മൾക്ക് അത്രത്തോളം ജീവിക്കാൻ പറ്റുമെന്ന്'- യൂസഫലി പറഞ്ഞു.

രണ്ടാമതും ഗർഭിണി, ഭർത്താവിനെ നഷ്ടപ്പെടുമെന്ന് ഭയം, 6 വയസുകാരി ബാധ്യതയെന്ന് കരുതി കൊലപാതകം

കൊച്ചി: കോതമംഗലത്ത് ആറുവയസുകാരിയെ രണ്ടാനമ്മ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ സംഭവത്തിന് പിന്നിൽ ദുർമന്ത്രവാദം അല്ലെന്ന് സ്ഥിരീകരണം. പ്രതിയായ അനീഷ രണ്ടാമതും ഗർഭിണിയായതോടെ ഇവർക്കിടയിൽ ആറുവയസുകാരി ഒരു ബാധ്യതയാകുമെന്ന് കരുതിയാണ് കുട്ടിയെ കൊലപ്പെടുത്തിയതെന്നാണ് വിവരം. ഇന്ന് തെളിവെടുപ്പിനെത്തിക്കും ശേഷം കോടതിയിൽ ഹാജരാക്കും.

ഒന്നര മാസം മുമ്പ് അജാസ് ഖാന്റെ ആദ്യ ഭാര്യ ഇവരെ വിളിക്കുകയും മുസ്ക്കാനെ വിട്ട് നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആദ്യ ഭാര്യ ഈ ആവശ്യം ഉന്നയിച്ച് നിരന്തരം അജാസ്ഖാനുമായി ബന്ധപ്പെട്ടതോടെ ഭർത്താവിനെ നഷ്ടമാകുമോയെന്ന ഭയമാണ് കുട്ടിയെ കൊലപ്പെടുത്താൻ തീരുമാനിച്ചത്.

കോതമംഗലം നെല്ലിക്കുഴി കുറ്റിലഞ്ഞിക്കു സമീപം പുതുപ്പാലം ഭാഗത്ത് താമസിക്കുന്ന യു പി സ്വദേശിയായ അജാസ് ഖാന്റെ മകൾ മുസ്ക്കാന്റെ വ്യാഴാഴ്ച രാവിലെ വീട്ടിലെ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഇൻക്വസ്റ്റ് വേളയിൽ കുട്ടിയുടെ മുഖത്ത് ക്ഷതം കണ്ടിരുന്നു. ശ്വാസംമുട്ടിയാണ് കുഞ്ഞ് മരിച്ചതെന്ന് പോസ്റ്റ്മോർട്ടത്തിൽ വ്യക്തമായതോടെ കൊലപാതകം തെളിയുന്നത്. നേരത്തെ തന്നെ അജാസിന്റെയും ഭാര്യയുടെയും പെരുമാറ്റത്തിൽ സംശയം തോന്നിയ പോലീസ് ഇരുവരെയും കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്യുകയും ചെയ്തിരുന്നു.

രാത്രി ഉറക്കത്തിനിടെ കുഞ്ഞിനെ രണ്ടാനമ്മ മൂക്കും വായും പൊത്തിപ്പിടിച്ച് ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തുകയായിരുന്നു. രാത്രി വൈകിയും ഇരുവരെയും ചോദ്യം ചെയ്തു. തുടർന്നാണ് അനീഷയുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. കൊലപാതകത്തിന് ദുർമന്ത്രവാദവുമായി ബന്ധമുണ്ടെന്നാണ് പോലീസ് ആദ്യ ഘട്ടത്തിൽ സംശയിച്ചിരുന്നത്. എന്നാൽ തങ്ങൾക്കിടയിൽ 6വയസുകാരി മുസ്ക്കാൻ ബാധ്യതയാകുമെന്ന് കരുതിയാണ് കുഞ്ഞിനെ കൊലപ്പെടുത്തിയതെന്ന് അനീഷ പോലീസിന് മൊഴി നൽകുകയായിരുന്നു. അനീഷ കുട്ടിയെ നിരന്തരം മർദ്ദിച്ചതായും മൊഴിയുണ്ട്.

അതേസമയം സംഭവത്തിൽ അജാസ്ഖാന്റെ പങ്ക് വെളിപ്പെട്ടതിന് ശേഷം തുടർ നടപടികൾ ഉണ്ടാകുമെന്നാണ് വിവരം.

ജീവിതകാലം മുഴുവൻ സമ്പാദിച്ച പണം നിഷേധിച്ചു; സൊസൈറ്റിക്കെതിരേ കുറിപ്പെഴുതി വ്യാപാരി മരിച്ച നിലയിൽ

കട്ടപ്പന: കട്ടപ്പനയിൽ സെൻട്രൽ ജങ്ഷനിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ വ്യാപാരിയുടെ ആത്മഹത്യാക്കുറിപ്പ് പുറത്ത്. കട്ടപ്പന മുളങ്ങാശ്ശേരിയിൽ സാബുവിനെയാണ് ഇന്ന് രാവിലെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടത്. കട്ടപ്പന പള്ളിക്കവലയിൽ വെറൈറ്റി ലേഡീസ് സെന്റർ നടത്തുകയായിരുന്നു സാബു. കട്ടപ്പന റൂറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിലെ നിക്ഷേപത്തുക തിരികെ ലഭിക്കാത്തതാണ് ആത്മഹത്യക്ക് കാരണമെന്ന് കുറിപ്പ് കണ്ടെത്തിയിട്ടുണ്ട്.

'എല്ലാവരും അറിയാൻ... എന്റെ മരണത്തിന് ഉത്തരവാദി ബാങ്ക് സെക്രട്ടറി റെജി, സ്റ്റാഫായ ബിനോജ്, സുജമോൾ എന്നിവരാണ്. എന്റെ ജീവിതകാലം മുഴുവൻ സമ്പാദിച്ച പണം നിഷേധിച്ചു. റൂറൽ ഡെവലപ്മെന്റ് ബാങ്കിൽ എന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെന്ന എന്നെ അപമാനിക്കുകയും പിടിച്ചു തള്ളുകയും ചെയ്ത ബിനോജും മറ്റുള്ളവരും പണം തരാതിരിക്കുകയും അസഭ്യം പറഞ്ഞ് ഒഴിവാക്കുകയുമാണ് ചെയ്തത്. ഇനി ആർക്കും ഈ അവസ്ഥ വരരുത്.'- കുറിപ്പിൽ പറയുന്നു.

നിക്ഷേപ തുക തിരികെ ആവശ്യപ്പെട്ട് സാബു ഇന്നലെ സൊസൈറ്റിയിൽ എത്തിയിരുന്നു. എന്നാൽ നിക്ഷേപ തുക തിരികെ ലഭിച്ചില്ല. ഇതേതുടർന്നാണ് ആത്മഹത്യയെന്നാണ് വിവരം. ഇതോടെ പ്രതിഷേധവുമായി കോൺഗ്രസും ബി.ജെ.പിയും വ്യാപാരി വ്യവസായി ഏകോപന സമിതിയും രംഗത്ത് എത്തി. ഒന്നു മുതൽ അഞ്ചു വരെ കട്ടപ്പനയിൽ ഹർത്താലിന് കോൺഗ്രസും ബി.ജെ.പിയും ആഹ്വാനം ചെയ്തു. നെടുങ്കണ്ടം കട്ടപ്പന സ്റ്റേഷനുകളിൽ നിന്നും വൻ പോലീസ് സംഘം സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നു.

എം.ടി. വാസുദേവൻ നായർ അതീവ ഗുരുതരാവസ്ഥയിൽ

കോഴിക്കോട്: വിഖ്യാത സാഹിത്യകാരൻ എം.ടി. വാസുദേവൻ നായർ അതീവ ഗുരുതരാവസ്ഥയിൽ. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ് എം.ടി. വാസുദേവൻ നായർ. വാർധക്യസഹജമായ രോഗങ്ങളെ തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു. ഹൃദയസ്തംഭനം സംഭവിച്ചതായി ആശുപത്രി അധികൃതർ മെഡിക്കൽ ബുള്ളറ്റിനിൽ വ്യക്തമാക്കി. ആശുപത്രിയിൽ വിദഗ്ധ ഡോക്ടർമാരുടെ നിരീക്ഷണത്തിലാണ് എം.ടി.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഭരണഘടന ശില്പിശില്പി ഡോക്ടർ ബി ആർ അംബേദ്കരെ കേന്ദ്രമന്ത്രി അമിത് ഷാ അപമാനിച്ചതിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് ജില്ലാ ഭാരവാഹികൾ തൃശ്ശൂരിൽ നടത്തിയ പ്രതിഷേധ പ്രകടനവും പൊതുയോഗവും.

ഭരണഘടന ശില്പി ഡോക്ടർ ബി ആർ അംബേദ്കരെ അവഹേളിച്ചതിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് പ്രതിഷേധ പ്രകടനവും പൊതുയോഗം നടത്തി

തൃശ്ശൂർ: ഇന്ത്യൻ ഭരണഘടന ശില്പി ഡോക്ടർ ബി ആർ അംബേദ്കർ അവഹേളിച്ച കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി അമിത് ഷാ രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് കേരള കോൺഗ്രസ് ജില്ലാ ഭാരവാഹികളുടെ നേതൃത്വത്തിൽ തൃശ്ശൂരിൽ പ്രകടനം പൊതുയോഗവും നടത്തി. അമിത്ഷായുടെ നടപടി ഇന്ത്യൻ ഭരണഘടനയെയും,സ്വാതന്ത്ര്യ സമരത്തെയും തള്ളിപ്പറയുന്ന തുല്യമാണെന്ന് പ്രതിഷേധപൊതുയോഗംഉദ്ഘാടനം ചെയ്തുകൊണ്ട് കേരള കോൺഗ്രസ് ഡെപ്യൂട്ടി ലീഡർ മുൻ സർക്കാർ ചീഫ് അഡ്വക്കേറ്റ് തോമസ് ഉണ്ണിയാടൻ കുറ്റപ്പെടുത്തി. യോഗത്തിൽ കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് സി.വി കുര്യാക്കോസ് അധ്യക്ഷത വഹിച്ചു.കേരള കോൺഗ്രസ് സംസ്ഥാന വൈസ് ചെയർമാൻ എം പി പോളി മുഖ്യപ്രഭാഷണം നടത്തി.സംസ്ഥാന സെക്രട്ടറി മിനി മോഹൻദാസ്, ജില്ലാ ജനറൽ സെക്രട്ടറി ഇടിച്ചൻ തരകൻ, ഉണ്ണിവിയ്യൂർ, ആൻസർ കെ. ഡേവിഡ്, ടി പി സന്തോഷ്, ഡേവിസ് പാറേക്കാട്ട്, എം.വി.ജോൺ മാസ്റ്റർ അഡ്വക്കേറ്റ് കെ. വി സെബാസ്റ്റ്യൻ,ഡി പത്മകുമാർ,പ്രസാദ് പുലിക്കോടൻ,സി.ടി. പോൾ,പിടി ജോർജ്,സി എ സണ്ണി, ജോണി ചിറ്റിലപ്പള്ളി, അഡ്വക്കേറ്റ് ലിജോ കെ ജോൺ, റോക്കിആളുക്കാരൻ,ഇ എ.ജോയ്, എന്നിവർ പ്രസംഗിച്ചു..പ്രതിഷേധ പ്രകടനത്തിന് ഷാജി തോമസ്, കെ യു ജോർജ് മാസ്റ്റർ വി.ജെ വർഗീസ്,കെ ഡി.സാബു,ലാസ്.കെ ജെയിംസ്,ഠ ഡേവിസ് നായത്തോടൻ, ജോ കോളന്നൂർ, എന്നിവർ നേതൃത്വം നൽകി.

കേരള ഹൈക്കോടതിയുടെ സമീപകാല വിധി മൂലം കൊണ്ടു വന്ന നിയന്ത്രണങ്ങൾ സ്റ്റേ ചെയ്ത സുപ്രീം കോടതിയുടെ ഇന്നത്തെ വിധി സ്വാഗതം ചെയ്യുന്നതായും , ഇനി വരുന്ന ദിവസങ്ങളിൽ കേരളത്തിലെ ക്ഷേത്രങ്ങളിൽ വർഷങ്ങളായി തുടർന്നു വന്നിരുന്ന ആചാരങ്ങളും, അനുഷ്ഠാനങ്ങളും കർശനമായി പാലിച്ചു കൊണ്ട് ആന എഴുന്നള്ളിപ്പോടു കൂടിയ ഉത്സവങ്ങൾക്ക് സുപ്രീം കോടതിയുടെ ഈ വിധി തീർച്ചയായും അനുഗ്രഹമാകുമെന്നും അവിട്ടത്തൂർ ദേവസ്വം പ്രസിഡന്റ് ഡോ.മുരളി ഹരിതം പറഞ്ഞു.

സാമൂഹ്യസുരക്ഷ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻ അനുവദിച്ചു

തൃശൂർ: സാമൂഹ്യസുരക്ഷ ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻ അനുവദിച്ചു. ക്രിസ്മസ് പ്രമാണിച്ച് 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപ വീതം ലഭിക്കുന്നത്. തിങ്കളാഴ്ച മുതൽ തുക പെൻഷൻകാർക്ക് കിട്ടിത്തുടങ്ങുമെന്ന് ധനകാര്യമന്ത്രി കെ. എൻ ബാലഗോപാൽ അറിയിച്ചു.

27 ലക്ഷംപേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. കഴിഞ്ഞ മാർച്ച് മുതൽ പ്രതിമാസ പെൻഷൻ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 33,800 കോടിയോളം രൂപയാണ് ക്ഷേമ പെൻഷൻ വിതരണത്തിനായി അനുവദിച്ചത്. ഇന്ത്യയിലെ ഏറ്റവും സമഗ്രമായ സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളത് കേരളത്തിലാണ്.

വീരജവാന്മാരെയും കുടുംബാംഗങ്ങളെയും ആദരിച്ചു

ഗുരുവായൂർ: പൈതൃകം ഗുരുവായൂരിന്റെ ആഭിമുഖ്യത്തിൽ ഗുരുവായൂർ നഗരസഭ ഹാളിൽ വിജയ് ദിവസത്തിന്റെ ഭാഗമായി 1971 ഇന്ത്യ പാകിസ്ഥാൻ യുദ്ധത്തിൽ പങ്കെടുത്ത വീരജവാന്മാരെയും കുടുംബാംഗങ്ങളെയും ആദരിച്ചു സമ്മേളനം ബ്രിഗേഡിയർ എൻ.എ സുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു അഡ്വക്കേറ്റ് രവി ചങ്കത്ത് അധ്യക്ഷത വഹിച്ചു 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി ഓഫീസർ മേജർ പിജെ സ്റ്റൈജു യുദ്ധത്തിൽ പങ്കെടുത്ത ധീര ജവാന്മാരെയും കുടുംബാംഗങ്ങളെയും ഉപഹാരം നൽകി ആദരിച്ചു. ലഫ്റ്റനന്റ് കേണൽ വി. ശാന്തമ്മ, ഹോണററി ക്യാപ്റ്റൻമാരായ കെ.ദാമോദരൻ, ഔസേപ്പ്, സി. ബാലകൃഷ്ണൻ പൈതൃകം ഭാരവാഹികളായ മധു കെ നായർ കെ.കെ വേലായുധൻ എന്നിവർ പ്രസംഗിച്ചു.

സപ്ലൈകോ ക്രിസ്തുമസ് ഫെയർ നാളെ മുതൽ

തൃശൂർ: സപ്ലൈകോയുടെ ഈ വർഷത്തെ ക്രിസ്തുമസ് ഫെയർ തൃശ്ശൂർ തേക്കിൻകാട് മൈതാനി തെക്കേ ഗോപുരനടയിൽ നാളെ (ഡിസംബർ 21) മുതൽ ഡിസംബർ 30 വരെ നടക്കും. റവന്യൂ മന്ത്രി കെ. രാജൻ നാളെ വൈകീട്ട് 4.30 ക്രിസ്തുമസ് ഫെയർ ഉദ്ഘാടനം ചെയ്യും. പി. ബാലചന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് മുഖ്യാതിഥിയാകും. ചടങ്ങിൽ തൃശ്ശൂർ മേയർ എം. കെ. വർഗ്ഗീസ് ആദ്യ വിൽപ്പന നടത്തും. ഫെയറിൽ ശബരി ഉൽപ്പന്നങ്ങൾക്ക് 5 മുതൽ 50 ശതമാനം വരെ വിലക്കുറവും തിരഞ്ഞെടുത്ത എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ മികച്ച ഓഫറിലും വാങ്ങാം.

ഇരിങ്ങാലക്കുടയിൽ ഗവ. നേഴ്സിംഗ് കോളേജ് സ്ഥാപിക്കണം: വി എ മനോജ്കുമാർ എരിയ സെക്രട്ടറി

വി എ മനോജ്കുമാർ

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുടയിൽ ഗവ. നഴ്സിങ് കോളേജ് സ്ഥാപിക്കണമെന്നും നഗരസഭ ബസ് സ്റ്റാൻഡ് ഹൈടെക് ബസ് സ്റ്റാൻഡായി നവീകരിക്കണമെന്നും ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ ആധുനികവൽകരിക്കുകയും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുകയും ചെയ്യണമെന്നും സിപിഎം ഇരിങ്ങാലക്കുട എരിയ സമ്മേളനം.

വി എ മനോജ്കുമാർ സെക്രട്ടറിയായി 21 അംഗ കമ്മിറ്റിയെ സമ്മേളനം തിരഞ്ഞെടുത്തു. കെ സി പ്രേമരാജൻ, വി എ മനോജ് കുമാർ, കെ എ ഗോപി , ടി ജി ശങ്കരനാരായണൻ, എ വി അജയൻ, സി ഡി സിജിത്ത്, കെ പി ജോർജ്ജ്, ലത ചന്ദ്രൻ ,കെ കെ സുരേഷ് ബാബു, ടി എസ് സജീവൻ മാസ്റ്റർ, എം ബി രാജു, ആർ എൽ ശ്രീലാൽ, ജയൻ അരിമ്പ്ര, പി കെ മനു മോഹൻ, ടി പ്രസാദ്, ജോസ് ജെ ചിറ്റിലപ്പിള്ളി, ടി വി വിജേഷ്, കെ ജി മോഹനൻ, കെ കെ വിനയൻ, കെ വി മദനൻ , വൽസല ബാബു എന്നിവരാണ് എരിയ കമ്മിറ്റി അംഗങ്ങൾ. ടി എ രാമാനന്ദൻ, എൻ ബി പവിത്രൻ, എൻ കെ അരവിന്ദാക്ഷൻ, എന്നിവരാണ് നിലവിലെ കമ്മിറ്റിയിൽ നിന്നും മാറിയിട്ടുള്ളത്. ടി വി വിജേഷ്, കെ ജി മോഹനൻ, കെ കെ വിനയൻ, കെ വി മദനൻ , വൽസല ബാബു എന്നിവരാണ് പുതിയതായി എരിയ കമ്മിറ്റിയിൽ ഇടം പിടിച്ചിരിക്കുന്നത്

സമ്മേളനത്തിന്റെ സമാപന ദിവസമായ വെള്ളിയാഴ്ച നാല് മണിക്ക് പട്ടണത്തിൽ റെഡ് വളണ്ടിയർ മാർച്ചും പ്രകടനവും പൊതുസമ്മേളനവും നടക്കും. ടൗൺ ഹാളിൽ നടക്കുന്ന പൊതുസമ്മേളനം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പുത്തലത്ത് ദിനേശൻ ഉദ്ഘാടനം ചെയ്യും.

പട്ടികജാതി സംവരണത്തിൽ ക്രീമിലെയർ നടപ്പിലാക്കിയ കോടതി വിധിക്കെതിരെ ഡിസംബർ 21 ന് അഖിലകേരള പുലയോദ്ധാരണസഭയുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ

ഇരിങ്ങാലക്കുട : പട്ടികജാതി സംവരണത്തിൽ ക്രീമിലെയർ നടപ്പിലാക്കിയ സുപ്രീം കോടതി വിധിക്കെതിരെ അഖിലകേരളപുലയോദ്ധാരണസഭയുടെ നേതൃത്വത്തിൽ ഡിസംബർ 21ന് പ്രതിഷേധധർണ്ണ നടത്തുന്നു. സിവിൽ സ്റ്റേഷന് മുന്നിൽ രാവിലെ പത്തിനാണ് ധർണ്ണയെന്ന് സഭ സംസ്ഥാന പ്രസിഡന്റ് പി പി സർവ്വൻ പത്ര സമ്മേളനത്തിൽ അറിയിച്ചു.

എയ്ഡഡ് മേഖലയിൽ പട്ടികജാതി സംവരണം നടപ്പിലാക്കുക, പട്ടികജാതി വിദ്യാർഥികൾക്ക് ഇ-ഗ്രാന്റുകൾ നൽകുക, ആദിവാസി-പട്ടികജാതി സമൂഹങ്ങൾക്ക് നേരെയുള്ള പീഡനങ്ങൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളും ധർണ്ണയും ഉയർത്തുന്നുണ്ട്.

സംസ്ഥാന ട്രഷറർ പി സി ആനന്ദൻ, ഭാരവാഹികളായ ഷിബു എ കെ, ബാബുരാജ് കെ വി എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

ജില്ലയിലെ പ്രഥമ സി.എൻ.ജി. പ്ലാന്റിന്റെ നിർമ്മാണ ഉദ്ഘാടനവും ഒന്നാം ഘട്ട നഗര സൗന്ദര്യവൽക്കരണ പ്രഖ്യാപനവും കോർപ്പറേഷനിലെ മൾട്ടി ലൈവൽ കാർപാർക്കിംഗിന്റെ സമർപ്പണവും ഇന്ന് വൈകീട്ട്

തൃശൂർ: കോർപ്പറേഷൻ മാലിന്യമുക്ത നവകേരള പദ്ധതിയും കോർപ്പറേഷൻറെ സീറോ വേസ്റ്റ് കോർപ്പറേഷൻ പദ്ധതിയും സംയോജിപ്പിച്ച് മാലിന്യനിർമ്മാർജ്ജന രംഗത്ത് വലിയൊരു മുന്നേറ്റമാണ് ഏതാനും വർഷങ്ങളായി കോർപ്പറേഷൻ നടപ്പിലാക്കുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ലാലൂരിലെ ഐ.എം. വിജയൻ സ്റ്റേഡിയവും മാറ്റാംപുറത്ത് സ്ഥാപിച്ചിട്ടുള്ള എഫ്.എസ്.ടി.പി. പ്ലാൻറും ജനറൽ ആശുപത്രി സ്ഥാപിച്ചിട്ടുള്ള എസ്.ടി.പി. പ്ലാൻറും അജൈവ മാലിന്യം ഡോർ ടു ഡോർ കളക്ഷൻ 90% പൂർത്തീകരിച്ചതും ഉൾപ്പെടെയുള്ള വിവിധങ്ങളായ പദ്ധതികൾ. ഇതിനോടൊപ്പം പ്രതിദിനം 30 ടൺ ജൈവ മാലിന്യം സംസ്കരിച്ച് 1 ടൺ സി.എൻ.ജി. ആക്കുന്ന ആധുനീക രീതിയിലുള്ള സംവിധാനം ശക്തൻ നഗറിൽ സ്ഥാപിക്കുന്വാൻ പോവുകയാണ്. ഇതോടൊപ്പം നഗരസൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ഒന്നാം ഘട്ടം സ്വരാജ് റൗണ്ടും എം.ഒ. റോഡും ഇക്കണ്ട വാര്യർ റോഡും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റോഡുകളുടെ ഇരുവശവും നയന മനോഹരമായ പൂച്ചെടികൾ വെച്ചുപിടിപ്പിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്.

കോർപ്പറേഷൻ ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളുടെയും ജീവനക്കാരുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അത്യാധുനീക രീതിയിലുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. 3 വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലത്ത് ഒരേ സമയം 12 വാഹനങ്ങൾ പാർക്ക് ചെയ്യാൻ ഈ സംവിധാനം ഉപയോഗപ്പെടുത്തി കഴിയുന്നതാണ്. തൃശൂർ ജില്ലയിലെ പ്രഥമ സി.എൻ.ജി. പ്ലാന്റിന്റെ നിർമ്മാണോദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് മേയർ എം.കെ. വർഗ്ഗീസിന്റെ അധ്യക്ഷതയിൽ ഇന്ന് ഉച്ചതിരിഞ്ഞ് 3.00ന് ശക്തൻ ബസ് സ്റ്റാൻറിന്റെ തെക്ക് ഭാഗത്ത് വെച്ച് നിർവ്വഹിക്കുന്നതാണ്. തദവസരത്തിൽ നഗര സൗന്ദര്യവൽക്കരണത്തിൻറെ ഒന്നാം ഘട്ടം പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നിർവ്വഹിക്കുന്നതാണ്. തുടർന്ന് കോർപ്പറേഷൻ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ സമർപ്പണം ഇന്ന് ഉച്ചതിരിഞ്ഞ് 4.00ന് കോർപ്പറേഷൻ അങ്കണത്തിൽ വെച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിഎം.ബി. രാജേഷ് നിർവ്വ ഹിക്കുന്നതാണ്. ചടങ്ങിന്റെ വിജയത്തിലേക്കായി എല്ലാവരേയും സാദരം ക്ഷണിച്ചു കൊള്ളുന്നു.

അമല ഫെല്ലോഷിപ്പ് ക്രിസ്മസ് കിറ്റ് വിതരണം

അമല ഫെല്ലോഷിപ്പ് കുന്നംകുളം യൂണിറ്റിന്റെ നിർധന രോഗികൾക്കുള്ള ക്രിസ്മസ് കിറ്റ് വിതരണം അമല മെഡിക്കൽ കോളേജ് ജോ.ഡയറക്ടർ ഫാദർ ഷിബു പുത്തൻപുരയ്ക്കൽ സിഎം ഐ ഉദ്ഘാടനം ചെയ്തു.പ്രസിഡൻറ് സി.ഇ. ഉണ്ണി അധ്യക്ഷൻ ആയിരുന്നു. മുനിസിപ്പൽ കൗൺസിലർമാരായ ലബീബ് ഹസൻ, മിഷ സെബാസ്റ്റ്യൻ,സാമുവൽ കെ തോമസ് ,ജോസഫ് വർഗീസ്, സോണി സി .പുലിക്കോട്ടിൽ, സി. കെ. അപ്പുമോൻ, സി. സി ജോയ് തുടങ്ങിയവർ പ്രസംഗിച്ചു.

പി.കെ. വേലായുധൻ ചുമതലയേറ്റു

തൃശൂർ:ജില്ലാ ഇൻഫർമേഷൻ ഓഫീസറായി പി.കെ. വേലായുധൻ ചുമതലയേറ്റു. കേരള മീഡിയ അക്കാദമി അസിസ്റ്റന്റ് സെക്രട്ടറി, ഐ പി ആർ ഡി ഡയറക്ടറേറ്റിൽ പരസ്യം (പ്രിന്റ്) ഇൻഫർമേഷൻ ഓഫീസർ, സർക്കാർ പ്രസിദ്ധീകരണങ്ങളുടെ സർക്കുലേഷൻ ഓഫീസർ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ക്വട്ടേഷൻ

തൃശ്ശൂർ: ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയയിലേക്ക് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലാബ് ടെസ്റ്റുകളുടെ വില നിലവാരത്തിന്റെ മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനുളള അവസാന തിയ്യതി ഡിസംബർ 26 രാവിലെ 11.00 മണി.

വനിതാ കമ്മീഷൻ സിറ്റിങ് നടത്തി

തൃശൂർ: കേരള വനിതാ കമ്മീഷൻ അംഗം ഇന്ദിര രവീന്ദ്രൻ തൃശ്ശൂർ ടൗൺഹാളിൽ സിറ്റിങ് നടത്തി. കമ്മീഷനു മുൻപിൽ വന്ന 66 പരാതികളിൽ 18 പരാതികൾ തീർപ്പാക്കി. നാലെണ്ണത്തിൽ പോലീസിനോട് റിപ്പോർട്ട് തേടി. ഒരു പരാതി ജാഗ്രത സമിതിക്ക് കൈമാറി. 43 അടുത്ത സിറ്റിങ്ങിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു. സിറ്റിങ്ങിൽ 5 പുതിയ പരാതികൾ സ്വീകരിച്ചു. അഭിഭാഷകരായ സജിത, ബിജു രഘുനാഥ്, കൗൺസിലർ മാല രമണൻ എന്നിവരും സിറ്റിങ്ങിൽ പങ്കെടുത്തു.

ശാന്തിനികേതൻ പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച എക്സ് ബിഷൻ സിനർജി

SANTHINIKETAN PUBLIC SCHOOL IRINJALAKUDA
SYNERGY
SCIENCE, MATHS, SOCIAL & LANGUAGES EXHIBITION

ഇരിങ്ങാലക്കുട: ശാന്തിനികേതൻ പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച എക്സ് ബിഷൻ സിനർജി വിജ്ഞാനപ്രദവും കൗതുകകരവും ആയി. എസ്. എം. സി. ചെയർമാൻ പി.എസ് സുരേന്ദ്രനും BITS കമ്പ്യൂട്ടർ എഞ്ചിനീയർ വിദ്യാർത്ഥിയും ശാന്തിനികേതൻ പൂർവ്വ വിദ്യാർത്ഥി യുമായ പ്രത്യുഷ് നായരും ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. പ്ലസ് വൺ സയൻസ് വിദ്യാർത്ഥി ജോർജ് ജോജി യുടെ ഹൈഡ്രോളിക് തത്ത്വം ആസ്പദമാക്കിയ വർക്കിങ്ങ് മോഡൽ പ്രദർശിപ്പിച്ചായിരുന്നു ഉദ്ഘാടനം. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ തന്നെ നിർമ്മിച്ച വർക്കിങ്ങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ, റോബോട്ടുകൾ ചാർട്ടുകൾ, പരീക്ഷണങ്ങൾ, പഴയ പുസ്തക ശേഖരണം, നാണയങ്ങൾ, പുരാവസ്തു പ്രദർശനം, കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്തുമാസികകൾ, നാടൻ ഭക്ഷണവും ആധുനിക ഭക്ഷണവും ഇവയെല്ലാം ചേർന്ന പ്രദർശനം വൈവിധ്യ സമ്പന്നമായിരുന്നു. പ്രിൻസിപ്പാൾ പി.എൻ. ഗോപകുമാർ, ഹെഡ്മിസ്ട്രസ് സജിത അനിൽ കുമാർ, കൺവീനർമാരായ സിന്ധു അനിരുദ്ധൻ, കെ.ജെ. നിഷ. വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾ, അദ്ധ്യാപകർ എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ പി.ടി.എ പ്രസിഡണ്ട് കെ.കെ. കൃഷ്ണകുമാർ, പി.ടി. എ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. സയൻസ് ക്ലബ്ബ് സെക്രട്ടറി രുദ്രപ്രിയ നന്ദി പ്രകാശിപ്പിച്ചു.

വീട് പണി പൂർത്തിയായിട്ടും, നിർമ്മാണതാരിഫിൽ വൈദ്യുതി ബില്ലുകൾ, കൂടുതൽ അടച്ച സംഖ്യ തിരികെ നൽകുവാനും നഷ്ടം 20000 രൂപ നൽകുവാനും വിധി

തൃശൂർ: വീട് പണി പൂർത്തിയായിട്ടും നിർമ്മാണതാരിഫിൽ ബില്ലുകൾ നല്കിയതിനെ ചോദ്യം ചെയ്ത് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി.

തൃശ്ശൂർ തളിക്കുളം സ്നേഹതീരം റോഡിൽ തൊഴുത്തും പറമ്പിൽ വീട്ടിൽ മഹേഷ്. ടി. ആർ. ഫയൽ ചെയ്ത ഹർജിയിലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തളിക്കുളം ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റൻറ് എഞ്ചിനീയർക്കെതിരെയും തിരുവനന്തപുരത്തെ സെക്രട്ടറിക്കെതിരെയും ഇപ്രകാരം വിധിയായത്.

വീട് പണിക്ക് ശേഷം അപേക്ഷ പരിഗണിച്ച് പരിശോധനകൾ നടത്തി വൈദ്യുതി ബോർഡ് മഹേഷിന് ത്രീ ഫേസ് കണക്ഷൻ നൽകുകയുണ്ടായിട്ടുള്ളതാകുന്നു. തുടർന്ന് വരുന്ന ബില്ലുകളിലെ തുക അധികമെന്ന് കണ്ട് സംശയം തോന്നി പരിശോധിച്ചപ്പോൾ നിർമ്മാണതാരിഫിൽ തന്നെയാണ് ബില്ലുകൾ വരുന്നതെന്ന് വ്യക്തമായിട്ടുള്ളതാകുന്നു.പരാതിപ്പെട്ടിട്ടും ഫലമുണ്ടായിട്ടില്ലാത്തതാകുന്നു. തുടർന്ന് ഉപഭോക്തൃകോടതിയെ സമീപിക്കുകയായിരുന്നു.അപേക്ഷകൾ പരിഗണിക്കുക മാത്രമല്ല അതിനനുസരിച്ച് വൈദ്യുതി ബോർഡ് പ്രവർത്തിക്കേണ്ടതു കൂടിയുണ്ടെന്ന് കോടതി നിരീക്ഷിച്ചു. താരിഫ് മാറ്റി നൽകാതിരുന്നത് വൈദ്യുതിബോർഡിന്റെ ഭാഗത്തുനിന്നുള്ള സേവനത്തിലെ വീഴ്ചയും അനുചിത കച്ചവട ഇടപാടുമാണെന്ന് കോടതി വിലയിരുത്തി.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി, ഹർജിക്കാരനിൽനിന്ന് കൂടുതലായി ഈടാക്കിയ ബിൽ തുകകൾ തിരിച്ചുനൽകുകയോ വരുംബില്ലുകളിലേക്ക് വരവ് വെക്കുകയോ ചെയ്യണമെന്നും നഷ്ടപരിഹാരമായി 15000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകണമെന്നും കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

മണിപ്പൂർ പ്രതിഷേധ സംഗമം ഇന്ന് വൈകീട്ട്

തൃശൂർ:വനിതാസാഹിതി ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണഘടനാദിനാചരണവും മണിപ്പൂർ പ്രതിഷേധ സംഗമവും നടത്തുന്നു. ഡിസം.20 നു വെള്ളിയാഴ്ച 4.30 ന് കോർപ്പറേഷൻ ഓഫീസിനു മുൻവശത്താണു പരിപാടി. ചിത്രരചന, കൊളാഷ്, കാവ്യാലാപനം എന്നിവ നടക്കും. അഡ്വ. ദിനി ഗിരീഷ് ഉദ്ഘാടനം ചെയ്യും

ഓട്ടിസം ബാധിതനായ അമ്പാടിക്ക് വീൽച്ചെയർ നൽകി ലയൺസ് ക്ലബ്ബ്

തൃശ്ശൂർ താലൂക്ക് പരാതിപരിഹാര അദാലത്തിലൂടെ ഓട്ടിസം ബാധിതനായ അമ്പാടിക്ക് ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ജെയിംസ് വളപ്പില, മന്ത്രിമാരായ കെ.രാജൻ, ആർ.ബിന്ദു എന്നിവർ ചേർന്ന് വീൽച്ചെയർ സമ്മാനിക്കുന്നു. മേയർ എം.കെ വർഗ്ഗീസ്, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, ഡെപ്യുട്ടി മേയർ എം.എൽ റോസി, ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഹ്യുമാനിറ്റേറിയൻ പ്രോജക്ട് കോർഡിനേറ്റർ അശോകൻ, അഡീഷനൽ ക്യാബിനറ്റ് സെക്രട്ടറി ബെന്നി നീലങ്കാവിൽ, റീജിയൺ ചെയർമാൻ സുമേഷ് എന്നിവർ സമീപം.

ഓട്ടിസം ബാധിതനായ 6 വയസ്സുകാരൻ അമ്പാടിക്ക് തൃശ്ശൂർ താലൂക്ക് പരാതിപരിഹാര അദാലത്തിലൂടെ വീൽച്ചെയർ സമ്മാനിച്ചു. മന്ത്രിമാരായ കെ.രാജനും ആർ.ബിന്ദുവും ചേർന്നാണ് അമ്പാടിക്ക് വീൽച്ചെയർ കൈമാറിയത്. ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ഗവർണർ ജെയിംസ് വളപ്പിലയാണ് വീൽച്ചെയർ നൽകിയത്. അമ്പാടിയുടെ അച്ഛനായ മരോട്ടിച്ചാൽ സ്വദേശി ബിനുവാണ് അമ്പാടിക്ക് വേണ്ടി അദാലത്തുമായി കളക്ടറെ സമീപിച്ചത്. കളക്ടർ അർജുൻ പാണ്ഡ്യന്റെ ഇടപെടൽ മൂലം ലയൺസ് ക്ലബ്ബിന്റെ ഹ്യുമാനിറ്റേറിയൻ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് അമ്പാടിക്ക് വീൽച്ചെയർ നൽകിയത്. ലയൺസ് ക്ലബ്ബിന്റെ പാലിയേറ്റിവ് കെയറിന്റെ ഭാഗമായി 250 വീൽച്ചെയർ നൽകുന്ന പദ്ധതിയിലെ 100-ാമത് വീൽച്ചെയറാണ് അമ്പാടിക്ക് നൽകിയതെന്ന് ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ജെയിംസ് വളപ്പില പറഞ്ഞു.

മേയർ എം.കെ വർഗ്ഗീസ്, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, ഡെപ്യുട്ടി മേയർ എം.എൽ റോസി, ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഹ്യുമാനിറ്റേറിയൻ പ്രോജക്ട് കോർഡിനേറ്റർ അശോകൻ, അഡീഷനൽ ക്യാബിനറ്റ് സെക്രട്ടറി ബെന്നി നീലങ്കാവിൽ, റീജിയൺ ചെയർമാൻ സുമേഷ് എന്നിവരും സന്നിഹിതരായിരുന്നു. കാഴ്ച്ചപരിമിതിയുള്ള അമ്പാടി മറ്റു ശാരീരിക-മാനസിക ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. അമ്പാടിക്ക് ഒരു വീട് നിർമ്മിക്കാനുള്ള സഹായവും ആവശ്യമുണ്ടെന്ന കളക്ടറുടെ അഭ്യർത്ഥന കണക്കിലെടുത്ത് അതിനുള്ള ശ്രമം ഉണ്ടാകുമെന്നും ലയൺസ് ഭാരവാഹികൾ ഉറപ്പു നൽകിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ മുണ്ടൂർ പള്ളി തിരുന്നാളിന് ഇരിഞ്ഞാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പതാക ഉയർത്തുന്നു.

ദർഘാസ് ക്ഷണിച്ചു

തൃശൂർ: ഇരിങ്ങാലക്കുട നഗരസഭയുടെ പദ്ധതി പ്രകാരം ഇരിങ്ങാലക്കുട ഗവ. മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിന് ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 3 ന് ഉച്ചയ്ക്ക് 2 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 0480 2833373എന്ന നമ്പറിൽ ബന്ധപ്പെടുക.

കൈത്തറി തുണികൾക്ക് 20 ശതമാനം റിബേറ്റ്

തൃശൂർ: കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ കീഴിൽ തൃശ്ശൂർ പഴയനടക്കാവിൽ പ്രവർത്തിക്കുന്ന ഹാൻവീവ് ഷോറൂമിൽ എല്ലാ കൈത്തറി തുണിത്തരങ്ങൾക്കും ക്രിസ്തുമസ് പ്രമാണിച്ച് 20% ഗവ. റിബേറ്റ് ലഭിക്കും. ഹാൻവീവ് ഷോറൂമിൽ നിന്നും സർക്കാർ, അർദ്ധ സർക്കാർ, ബാങ്ക് ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ തുണിത്തരങ്ങൾ വാങ്ങിക്കാവുന്നതാണ്. ഡിസംബർ 20 മുതൽ 24 വരെയാണ് റിബേറ്റ് ലഭിക്കുക.

വാർത്താച്ചുരുക്കം

* ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് കമ്പ്യൂട്ടർ വകുപ്പിന്റെ ടെക്ഫെസ്റ്റ് നടക്കും. ജനുവരി 15 – ന് മോഡൽ മത്സരം നടക്കും.
* കേരള കാറ്ററിങ് അസോസിയേഷൻ തൃശൂർ ജില്ലാ വാർഷിക ജനറൽ ബോഡി യോഗം പുത്തൂർ പുഴയോരം ഗാർഡൻസിൽ നടന്നു.
* സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കെ.ജി.സി. ഇ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തി അഖില കേരള ഫുഡ്ബോൾ ടൂർണമെന്റ് നടന്നു. കൂർക്കഞ്ചേരി ഹിൻസ് ഗ്രൗണ്ടിലായിരുന്നു മത്സരം.
* പെൻഷൻ പരിഷ്കരണ കുടിശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പെൻഷനേഴ്സ് കളക്ടറേറ്റ് മാർച്ച് ധർണ നടത്തി. കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ തൃശൂർ വെസ്റ്റ് ബ്ലോക്ക് കമ്മറ്റിയുടെ നേതൃത്വത്തിലായിരുന്നു സമരം.
* കൽപ്പറ്റ ബാലകൃഷ്ണൻ മൂന്നാം ചരമവാർഷികാചരണം തുഞ്ചൻ സമാധി സ്മാരക ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്നു
* മുണ്ടൂർ കർമ്മലമാതാ ദൈവാലയ തിരുനാളിന് തുടക്കം. 30 ന് സമാപനം.

വർണ്ണക്കുട വാക്കത്തോൺ ഡിസബർ 21 ന് ജഴ്സി പ്രകാശനം

ഇരിങ്ങാലക്കുട: ഡിസംബർ 21 മുതൽ 29 വരെ ഇരിങ്ങാലക്കുടയിൽ നടക്കുന്ന സംസ്കാരികോൽസവം വർണ്ണക്കുടയുടെ അനുബന്ധ പരിപാടി വാക്കത്തോൺ ഡിസംബർ 21 ന് ശനിയാഴ്ച രാവിലെ 7.30 ന് മുനിസിപ്പൽ മൈതാനിയിൽ നിന്ന് ആരംഭിക്കും. ചന്തക്കുന്നു ഠാണാ ബസ്സ്റ്റാൻഡ് വഴി മൈതാനിയിൽ സമാപിക്കുന്നു. വാക്കത്തോണിൽ പങ്കെടുക്കുന്ന വർക്ക് നൽകുന്ന ജഴ്സിയുടെ പ്രകാശനം ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു പ്രവാസി വ്യവസായിയും ജീവകാരുണ്യ പ്രവർത്തകനുമായ നിസാർ അഷറഫിന് നൽകി പ്രകാശനം ചെയ്തു.

വർണ്ണക്കുട ജനറൽ കൺവീനർ ജോസ് ജെ. ചിറ്റിലപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. കോ ഓഡിനേറ്റർമാരായ ടെൽസൺ കോട്ടോളി, സ്റ്റാൻലി പി.ആർ, എ.സി. സുരേഷ്, ദീപ ആന്റണി എന്നിവർ പ്രസംഗിച്ചു